**QP CODE**
**H1108**

**Enrollment Number: ..................**

**Name: ....................................**

# BA DEGREE EXAMINATIONS, MARCH 2026
## Fifth Semester
## B.A. Malayalam Language and Literature
## B21ML02SE – സമകാലിക ഗദ്യവ്യവഹാരങ്ങൾ
**(2022 admissions)**
**(Supplementary/ Improvement)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റ വാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക. ഒരു മാർക്ക് വീതം.**

1. 'കരിനാക്കുള്ളവന്റെ പാട്ട്' ആരുടെ കവിതയാണ് ?
2. 'നിർമ്മാല്യം' സിനിമയുടെ സംഗീതസംവിധാനം നിർവഹിച്ചത് ആര്?
3. 'ഒരുത്തി' എന്ന കഥാസമാഹാരം രചിച്ചത് ആര്?
4. 'ചിന്നസ്വാമി' എന്ന പേരിൽ അറിയപ്പെട്ട കവി ആര്?
5. 'ഇക്കോളജി' എന്ന പദം ആദ്യമായി പ്രയോഗിച്ച ജന്തു ശാസ്ത്രജ്ഞൻ ആര്?
6. 'കറുത്ത പുലരി' ആരുടെ കവിതയാണ് ?
7. മാറ്റം പാടില്ലാത്ത ഒരേ ഒരിടം കാട് ആണെന്ന് അഭിപ്രായപ്പെട്ടത് ആര്?
8. 'പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം' ആരുടെ കൃതിയാണ്?
9. 'മൗനത്തിന് ഒരു ചരിത്രമുണ്ടോ' എന്ന് ചോദിച്ചതാര് ?
10. 'ജാതിക്കുമ്മി' എന്ന കൃതി എഴുതിയ വർഷം?
11. "ചാത്തനെ ഞാൻ പഠിപ്പിച്ചിടും" ആരുടെ വാക്കുകളാണിത്?
12. 'മിണ്ടാട്ടങ്ങൾ' ആരുടെ കൃതിയാണ് ?
13. 'പെൺനോട്ടങ്ങൾ'എന്ന ലേഖനസമാഹാരം എഴുതിയതാര്?
14. 'പറയപ്പാട്ട്' ആരുടെ കവിതയാണ്?
15. 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവൽ എഴുതിയതാര്?

**(1X10=10)**

## സെക്ഷൻ ബി

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതം**

16. എൻ.എ. നസീർ മുന്നോട്ടുവയ്ക്കുന്ന പരിസ്ഥിതി ദർശനത്തിലെ അടിസ്ഥാനതത്ത്വം എന്താണ്?
17. കെ. പി. കറുപ്പൻ എഴുതിയ ജാതിവിരുദ്ധ കവിതകൾ ഏതെല്ലാം ?

18. കുത്തി ഞെളിയൽ പരിശീലനം എങ്ങനെയാണ് നിർവഹിക്കുന്നത്?
19. കെ. രാഘവൻ മാസ്റ്റർ എന്ന സംഗീതജ്ഞൻ പാരമ്പര്യനിഷേധത്തിലൂടെ നിർവഹിച്ച ചരിത്രപരമായ ദൗത്യം എന്താണ്?
20. 'ഇത്താപ്പിരി'എന്ന കവിതയുടെ പ്രമേയം എന്ത്?
21. പരിസ്ഥിതിശാസ്ത്രത്തെക്കുറിച്ചുള്ള രണ്ടു നിർവചനം എഴുതുക.
22. ആളുകളുടെ വർത്തമാനത്തെക്കുറിച്ച് പറയാൻ മലയാള ഭാഷയിൽ പ്രയോഗിക്കുന്ന ഏതെങ്കിലും നാലു വാക്കുകളെ പരിചയപ്പെടുത്തുക.
23. കുമാരനാശാൻ കീഴാളപക്ഷ നിലപാടുകളെ സാധൂകരിക്കുന്ന കവിയായി മാറിയതിന്റെ കാരണങ്ങൾ എന്തെല്ലാം?
24. 'ചൊല്ലിയാട്ടക്രമം'എന്താണ്?
25. നാടകശാഖയിലെ രാഘവൻ മാസ്റ്ററുടെ പ്രാഗല്ഭ്യത്തിന് തെളിവായി വി.ടി.മുരളി ചൂണ്ടിക്കാണിക്കുന്ന ഗാനങ്ങൾ ഏതെല്ലാം?

**(2X5=10)**

## സെക്ഷൻ സി

**ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ച് മാർക്ക് വീതം**

26. 'കാലുസാധകം' എന്ന അഭ്യാസക്രമത്തിന്റെ രീതി വിശദമാക്കുക.
27. 'ആത്മദംശനം' എന്ന കൃതിയുടെ ഉള്ളടക്കം എന്താണ്?
28. ആശാൻ കവിതകൾ കീഴാളപക്ഷ രചനകൾ അല്ല എന്ന് ടി.കെ. അനിൽകുമാർ സമർത്ഥിക്കുന്നത് എങ്ങനെ?
29. കെ. രാഘവൻ മാസ്റ്ററുടെ സംഗീതസംവിധാനത്തിൽ ലയിച്ചു ചേർന്ന മാപ്പിളപ്പാട്ടിന്റെ സ്വാധീനം വിലയിരുത്തുക.
30. കാടിന്റെ ഹൃദയത്തെ തൊടുന്ന ഒരു ഫോട്ടോഗ്രാഫറിന്റെ തിരിച്ചറിവും ബോധ്യങ്ങളും എൻ. എ. നസീർ പങ്കുവച്ചിരിക്കുന്നത് എങ്ങനെയാണ്?
31. 'വാഴക്കുല'എന്ന കവിത കീഴാളദൈന്യത്തിന്റെ പ്രതിഫലനമായി മാറുന്നതെങ്ങനെയാണ്?
32. കറുത്ത കവിതകൾ എന്ന പ്രയോഗം ദലിത് കവിതകളെ പ്രതിനിധീകരിക്കുന്ന ഒന്നാണോ? സ്വാഭിപ്രായം വ്യക്തമാക്കുക.
33. നീലഗിരി കുന്നിൻചെരുവിലൂടെ നടക്കുമ്പോൾ മൈന ഉമൈബാന് ഉണ്ടായ ബാല്യകാലസ്മരണകൾ എന്തെല്ലാം ? വിവരിക്കുക.
34. 'അപ്പോഴും പറഞ്ഞില്ലേ'എന്ന ഗാനരചനക്ക് നിദാനമായ സന്ദർഭം വിവരിക്കുക.
35. വൈദ്യചികിത്സ പഠിക്കുന്നതിന്റെ ഭാഗമായി മൈന ഉമൈബാൻ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?
36. 'ഗോത്രസംസ്കൃതിയുടെ അവബോധത്തിലൂന്നിയ കവിതകളാണ് കടമ്മനിട്ട രാമകൃഷ്ണന്റേത് ' എന്ന നിരീക്ഷണത്തെ വിമർശനാത്മകമായി വിലയിരുത്തുക.
37. ഷോലക്കാടുകളെക്കുറിച്ച് എൻ. എ. നസീറിന്റെ ലേഖനത്തിൽ വിവരിക്കുന്നതെങ്ങനെ?

**(5X6=30)**

**QP CODE**
**H1108**

## സെക്ഷൻ ഡി

**ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പത്ത് മാർക്ക് വീതം**

38. 'മനസ്സുകൊണ്ടും ദേഹംകൊണ്ടും വളരെയധികം കഷ്ടപ്പെടേണ്ട ഒന്നാണ് കഥകളി'. കലാമണ്ഡലം കൃഷ്ണൻ നായരുടെ ആത്മകഥയെ മുൻനിർത്തി വിവരിക്കുക.
39. പ്രകൃതിയോടിണങ്ങി ജീവിക്കേണ്ടതിന്റെ പ്രാധാന്യത്തെ ചൂണ്ടിക്കാണിക്കുന്ന ലേഖനമാണ് 'ആത്മദംശനം'. വിലയിരുത്തുക
40. 'സംസാരം ഒരു സാംസ്കാരിക രേഖയാണ് 'എന്നതിന് ഇ.പി .രാജഗോപാലൻ മുന്നോട്ടുവെക്കുന്ന ആശയങ്ങൾ എന്തെല്ലാം? വിശദമാക്കുക.
41. കാടിന്റെ കൈയ്യൊപ്പിട്ട രചനയാണ് എൻ. എ.നസീറിന്റേത് വിശദമാക്കുക.

**(10X2=20)**